LIBRARY ARCHIVES Kerala Legislative Assembly

കാലടിയിലെ ശ്രീശങ്കരാ പാലത്തിന് കേടുപാടുകൾ

304(3229) ശ്രീ. ജോസ് തെറ്റയിൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കാലടിയിലെ ശ്രീശങ്കരാ പാലത്തിന് കേടുപാടുകൾ ഉണ്ടായതിനെ തുടർന്ന് 42 കോടി രൂപ അനുവദിച്ചിട്ടും നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിച്ചിട്ടില്ലാത്ത സമാന്തര പാലത്തിന്റെയും അപ്രോച്ച് റോഡിന്റെയും അടിയന്തര നിർമ്മാണ പ്രവർത്തനങ്ങൾക്കായി വിളിച്ചുചേർത്ത യോഗത്തിന്റെ തീരുമാനങ്ങൾ വിശദമാക്കാമോ ;

(ബി) പ്രസ്തുത തീരുമാനങ്ങൾ നടപ്പിലാക്കുന്നതിനായി സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെല്ലാമെന്ന് വ്യക്തമാക്കാമോ ;

(സി) ഇതിന്റെ സർവ്വേ നടപടികൾക്കായി തുക അനുവദിച്ചിട്ടുണ്ടോ ; ഇല്ലെങ്കിൽ തുക അനുവദിക്കാത്തതിന്റെ കാരണം വിശദമാക്കാമോ ?

ഉത്തരം

(എ) ബഹു: മുഖ്യമന്ത്രിയുടെ അദ്ധ്യക്ഷതയിൽ 24-9-2014-ൽ കൂടിയ യോഗത്തിന്റെ നടപടിക്കുറിപ്പ് അനുബന്ധമായി ഉള്ളടക്കം ചെയ്യുന്നു.*

(ബി&സി) അലൈൻമെന്റ് പുനഃക്രമീകരിക്കുന്നതിനുള്ള സർവേ നടത്തുന്നതിനായി 1.85 ലക്ഷം രൂപയുടെ എസ്റ്റിമേറ്റ് അംഗീകരിച്ചിട്ടുണ്ട്.

ധർമ്മടം നിയോജകമണ്ഡലത്തിലെ മേലൂർക്കടവ് പാലം

305(3230) ശ്രീ. കെ. കെ. നാരായണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ധർമ്മടം നിയോജകമണ്ഡലത്തിലെ മേലൂർക്കടവ് പാലം പൂർത്തീകരിക്കുന്നതിന് എന്തെങ്കിലും തടസ്സം നിലവിലുണ്ടോ ;

(ബി) ഉണ്ടെങ്കിൽ എന്താണ് തടസ്സം എന്ന് വ്യക്തമാക്കാമോ ;

(സി) പ്രസ്തുത പാലത്തിന്റെയും അപ്രോച്ച് റോഡിന്റെയും പ്രവർത്തി എന്നത്തേക്ക് പൂർത്തീകരിക്കാൻ സാധിക്കുമെന്ന് വ്യക്തമാക്കാമോ ;

(ഡി) ഇത് പൂർത്തീകരിക്കുന്നതിന് എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ ;

(ഇ) ഉണ്ടെങ്കിൽ വിശദാംശം വെളിപ്പെടുത്താമോ ?

*ലൈബ്രറിയിൽവെച്ചിട്ടുണ്ട്.

ഉത്തരം

(എ) ഉണ്ട്.

(ബി-ഇ) പ്രസ്തുത പാലത്തിന്റെ അപ്രോച്ച് റോഡ് നിർമ്മിക്കുന്നതിനാവശ്യമായ ഭൂമി ഏറ്റെടുക്കുന്നതിനുള്ള നടപടികൾ പുരോഗമിച്ചുവരുന്നു.

കട്ടനാട് നിയോജകമണ്ഡലത്തിൽ പൊളമരാമത്ത് വകപ്പ് മുഖാന്തിരം വിവിധ പദ്ധതികൾ

306(3231) ശ്രീ. തോമസ് ചാണ്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊളമരാമത്ത് വകപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കട്ടനാട് നിയോജകമണ്ഡലത്തിൽ പൊളമരാമത്ത് വകപ്പ് മുഖാന്തിരം വിവിധ പദ്ധതിയിൽ ഉൾപ്പെടുത്തി നടപ്പിലാക്കുന്ന പ്രവൃത്തികളുടെ പ്രവർത്തന പുരോഗതി റിപ്പോർട്ട് ലഭ്യമാക്കുമോ ;

(ബി) കാലാവധി കഴിഞ്ഞിട്ടും നിർമ്മാണം ആരംഭിക്കാത്തതും പൂർത്തിയാക്കാത്തതുമായ പ്രവൃത്തികൾ ഏതെല്ലാമെന്ന് വിശദമാക്കുമോ ?

ഉത്തരം

(എ) കട്ടനാട് നിയോജകമണ്ഡലത്തിൽ പൊളമരാമത്ത് വകപ്പ് മുഖാന്തിരം വിവിധ പദ്ധതിയിൽ ഉൾപ്പെടുത്തി നടപ്പിലാക്കുന്ന പ്രവൃത്തികളുടെ പ്രവർത്തന പുരോഗതി റിപ്പോർട്ട് അനുബന്ധമായി ചേർത്തിരിക്കുന്നു.*

(ബി) കാലാവധി കഴിഞ്ഞിട്ടും നിർമ്മാണം ആരംഭിക്കാത്ത പ്രവൃത്തികൾ ഒന്നും തന്നെയില്ല.

ആലത്തൂർ നിയോജകമണ്ഡലത്തിലെ മുടപ്പല്ലൂർ മംഗലം ഡാം റോഡിന്റെ നിർമ്മാണം

307(3232) ശ്രീ. എം. ചന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊളമരാമത്ത് വകപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ആലത്തൂർ നിയോജകമണ്ഡലത്തിലെ മുടപ്പല്ലൂർ മംഗലം ഡാം റോഡിന്റെ നിർമ്മാണം തടസ്സപ്പെട്ടിട്ടുള്ള കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) എങ്കിൽ പ്രസ്തുത റോഡിന്റെ നിർമ്മാണം സ്തംഭിക്കുവാനുണ്ടായ കാരണം വ്യക്തമാക്കുമോ ;

---

*ലൈബ്രറിയിൽവെച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly